പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4860 05/02/2014- ൽ മറുപടിക്ക്

ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റൽ

ചോദ്യം

ശ്രീ. ബി.ഡി.ദേവസ്സി :

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ) ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റൽ വെറ്ററിനറി പോളി ക്ലിനിക്കായി അപ്ഗ്രേഡ് ചെയ്യുന്നതിനും അധിക തസ്തികകളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എ) അധിക സാമ്പത്തിക ബാദ്ധ്യത പരിഗണിച്ച് ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റൽ വെറ്ററിനറി പോളി ക്ലിനിക്കായി അപ്ഗ്രേഡ് ചെയ്യുന്നതിനും അധിക തസ്തികകളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുമുള്ള ശുപാർശ ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(ബി) 55 വർഷം പഴക്കമുള്ള നിലവിലെ കെട്ടിടത്തിനുപകരം ഒരു പുതിയ കെട്ടിടം അതേ കോമ്പൗണ്ടിൽ തന്നെ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി) ചാലക്കുടി മൃഗാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ചിരുന്ന 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നൽകാൻ ആവശ്യപ്പെട്ട് ജില്ലാ മൃഗസംരക്ഷണ ആഫീസർക്ക് തിരിച്ച് നൽകിയിട്ടുണ്ട്. നിലവിലെ കെട്ടിടം രണ്ടു വർഷം മുമ്പ് മുനിസിപ്പാലിറ്റി ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്. കെട്ടിടം ഉപയോഗയോഗ്യമല്ല എന്ന സാക്ഷ്യപത്രം പി.ഡബ്ല്യൂ.ഡിയിൽ നിന്നും ലഭ്യമാക്കി, പുതുക്കിയ പ്രോപ്പോസൽ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ